**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.681** **29.10.2019-ൽ മറുപടിക്ക്**

**പാറശ്ശാല മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ**

| | ചോദ്യം<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ ഏതെങ്കിലും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസുകളിൽ താഴെപറയുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് .<br>അമ്പൂരി സെക്ഷൻ<br>വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി കടപ്പനമൂട് മുതൽ കാസാറോഡ് വരെ 1.2 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും കാസാറോഡിൽ 100KVA ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചീനിക്കാലയിൽ ഒരു 25 KVA ട്രാൻസ് ഫോർമർ ശേഷി കൂട്ടി 100 KVA ആക്കി മാറ്റിയിട്ടുണ്ട്.<br>ഒറ്റശേഖരമംഗലം സെക്ഷൻ<br>നാരകത്തിൻകുഴി, കള്ളിക്കാട്, പഴഞ്ഞിപ്പാറ, വാവോട്ടു സ്കൂൾ എന്നിവിടങ്ങളിലായി 100 KVA യുടെ 4 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>മാരായമുട്ടം സെക്ഷൻ<br>തൃപ്പലവൂരിൽ ഒരു 100KVA ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും 300 മീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട് .<br>ഉദിയൻകുളങ്ങര സെക്ഷൻ<br>2.4 കി.മീ. 11 കെ.വി. ലൈൻ നിർമ്മിച്ച 25 KVA യുടെ ട്രാൻസ്ഫോർമറുകൾ ആറയൂർ, പോങ്ങുപൊറ്റ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.<br>കുന്നത്തുകാൽ സെക്ഷൻ<br>650 മീ. ലൈൻ വലിച്ച 100 KVA യുടെ ട്രാൻസ് ഫോർമർ നെച്ചോടി എന്ന സ്ഥലത്ത |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും കുന്നത്തുകാലിൽ 25 KVA ട്രാൻസ് ഫോർമർ 100KVA ആക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട് . കൂടാതെ ചാവടി മുതൽ ചകിരി കമ്പനി വരെയും നെച്ചോടി മുതൽ തവായതുകോണം വരെയും 850 മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയിട്ടുണ്ട്.<br>വെള്ളറട സെക്ഷൻ<br>പൊറ്റവിളാകം എന്ന സ്ഥലത്ത് 63 KVA ട്രാൻസ്ഫോർമറും ചെമ്പൂർ ചർച്ച് ഭാഗത്ത് 25 KVA ട്രാൻസ്ഫോർമറും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷകർക്ക് ചില സെക്ഷൻ ആഫീസുകളിൽ നിന്നും ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>മണ്ഡലത്തിലെ ഓരോ സെക്ഷൻ ആഫീസുകളിലും എത്ര വീതം അപേക്ഷകളാണ് ഇനിയും കണക്ഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ളത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ സെക്ഷൻ ഓഫീസുകളിൽ പുതിയ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പുതിയ കണക്ഷനുകൾക്ക് അപേക്ഷിച്ച് ക്യാഷ് ഡെപ്പോസിറ്റും കണക്ഷനുള്ള ചെലവും അടച്ച എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി അപേക്ഷിക്കുന്നവർക്ക് കാലതാമസമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ